# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3914 — 27.06.2012-ൽ മറുപടിക്ക്

## കുട്ടനാട് താലൂക്ക് ആശുപത്രികളിലെ കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് താലൂക്കിലുള്ള ഏതെല്ലാം ആശുപത്രികളിൽ എൻ.ആർ.എച്ച്.എം വഴി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ; | (എ) കുട്ടനാട് താലൂക്കിലെ ചമ്പക്കുളം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ എൻ.ആർ.എച്ച്.എം വഴി കരാർ അടിസ്ഥാനത്തിൽ 1 ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) നിർബന്ധിത ഗ്രാമീണ സേവനത്തിന് നിയോഗിച്ച ഡോക്ടർമാർ കുട്ടനാട്ടിലെ ഏതെല്ലാം ആശുപത്രികളിൽ ജോലി യിൽ പ്രവേശിച്ചിട്ടില്ലായെന്നുള്ള വിവരം ലഭ്യമാക്കുമോ; | (ബി) കുട്ടനാട് താലൂക്കിൽ ഉൾപ്പെട്ട പുളിങ്കുന്ന് ആശുപത്രിയിൽ 3 പേരും, വെളിയനാട് 2 പേരും, കുപ്പപ്പുറം, ചമ്പക്കുളം എന്നീ ആശുപത്രികളിൽ ഒരാൾ വീതവും ജോലിയിൽ പ്രവേശിക്കുകയും പിന്നീട് അനധികൃതമായി അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ടി ഡോക്ടർമാർക്കെതിരെ എന്ത് വകുപ്പുതല നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) എൻ.ആർ.എച്ച്.എം മുഖേന നിർബന്ധിത ഗ്രാമീണ സേവനത്തിനായി നിയോഗിക്കപ്പെട്ട ചില ഡോക്ടർമാർ അനധികൃത അവധിയിൽ പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഉടൻ ജോലിയിൽ തിരികെ പ്രവേശിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ